# Malayala Manorama

## 19 August 2018

## Thiruvananthapuram, Rescue Operation, Rescue Force

# കൂടുതൽ കോപ്റ്ററുകൾ, ബോട്ടുകൾ, സൈനികർ

എട്ട് എൻജിനീയറിങ് ടാസ്ക് ഫോഴ്സ് സംഘങ്ങളും 19 രക്ഷാസേനാ സംഘങ്ങളും കൂടി വരുന്നു

**മനോരമ ലേഖകൻ**

തിരുവനന്തപുരം • രക്ഷാപ്രവർത്തനത്തിനായി കൂടുതൽ സൈനിക സഹായം ആവശ്യമാണെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കണക്കിലെടുത്ത് ഇപ്പോഴുള്ള 23 ഹെലികോപ്റ്ററുകൾക്കു പുറമേ അഞ്ചെണ്ണംകൂടി സംസ്ഥാനത്തേക്ക്. 75 മോട്ടോർ ബോട്ടുകളും 11 സാധാരണ ബോട്ടുകളും ഇന്നലെ അധികമായി എത്തിച്ചു.

എട്ട് എൻജിനീയറിങ് ടാസ്ക് ഫോഴ്സ് സംഘങ്ങളും 19 രക്ഷാസേനാ സംഘങ്ങളും അധികമായി രംഗത്തിറങ്ങി. സൈന്യം കൊണ്ടുവന്ന 15,000 ഭക്ഷണപ്പൊതികളും തിരുവനന്തപുരത്തുനിന്നു ശേഖരിച്ച അവശ്യ വസ്തുക്കളും ദുരിതാശ്വാസ ക്യാംപുകളിൽ വിതരണം ചെയ്യുന്നതിനായി വിമാനമാർഗം തലസ്ഥാനത്തുനിന്നു കൊണ്ടുപോയി.

അതേസമയം, കെട്ടിടങ്ങളിൽ കുടുങ്ങിയ ഒട്ടേറെപ്പേർ ഭയന്നു പിൻമാറുന്നതു കാരണം കോപ്റ്ററിലേക്ക് എടുത്തുയർത്തി രക്ഷിക്കാൻ കഴിയുന്നില്ല. ഇതുവരെ 900 പേരെ കോപ്റ്റർ ഉപയോഗിച്ചു രക്ഷപ്പെടുത്തി. നാലു ലക്ഷത്തോളം പേരെ ദുരിതാശ്വാസ ക്യാംപുകളിൽ എത്തിച്ചു. 169 എൻഡിആർഎഫ് ഗ്രൂപ്പും അഞ്ച് കോളം ബിഎസ്എഫും 23 ആർമി ഗ്രൂപ്പും എൻജിനീയറിങ് വിഭാഗവും രക്ഷാപ്രവർത്തനത്തിൽ സജീവമായി രംഗത്തുണ്ട്.

കേരള ഫയർ ഫോഴ്സിന്റെ 59 ബോട്ടുകളും തമിഴ്നാട് ഫയർ ഫോഴ്സിന്റെ 16 ബോട്ടുകളും രക്ഷാപ്രവർത്തനത്തിനുണ്ട്. 3,200 ഫയർ ഫോഴ്സ് സേനാംഗങ്ങളും 40,000 പോലീസ് സേനാംഗങ്ങളും രക്ഷാപ്രവർത്തനത്തിനു നേതൃത്വം നൽകുന്നതായി സർക്കാർ അറിയിച്ചു.

മത്സ്യത്തൊഴിലാളികളും ബോട്ടുടമകളും സന്നദ്ധസംഘടനകളും അഞ്ഞൂറിലധികം ബോട്ടുകളുമായി രക്ഷാപ്രവർത്തനത്തിൽ സഹകരിക്കുന്നു. എട്ടു ലക്ഷം ലീറ്റർ കുടിവെള്ളവുമായി നാവികസേനയുടെ ഐഎൻഎസ് ദീപക് കപ്പൽ ഇന്നു രാവിലെ കൊച്ചിയിലെത്തും.

അതേസമയം, സൈന്യത്തെ വേണ്ടതരത്തിൽ ഉപയോഗിക്കാൻ സർക്കാർസംവിധാനങ്ങൾക്കും കഴിയുന്നില്ലെന്ന പരാതി വ്യാപകമായുണ്ട്. ചെങ്ങന്നൂർ മേഖലയിൽ ജനങ്ങളെ രക്ഷിക്കാൻ ഇന്നലെ മാത്രമാണ് സൈന്യത്തിനു നിർദേശം ലഭിക്കുന്നത്.

അഞ്ചു ഹെലികോപ്റ്ററുകൾകൂടി കേരളത്തിലെത്തിക്കാൻ കേന്ദ്ര കാബിനറ്റ് സെക്രട്ടറി പി.കെ.സിൻഹ നിർദേശം നൽകിക്കഴിഞ്ഞു. വ്യോമ - നാവിക സേനകൾക്കു പുറമേ ഒഎൻജിസിയുടെ കോപ്റ്ററുകളും ലഭ്യമാക്കാനാണ് നിർദേശം. ആവശ്യാനുസരണം കൂടുതൽ യന്ത്ര ബോട്ടുകളും ലഭ്യമാക്കും. കേരളത്തിലെ സ്ഥിതി വിലയിരുത്തുന്നതിനു തുടർച്ചയായി മൂന്നാംദിവസമാണ് ദേശീയ ദുരന്തനിവാരണ സമിതി യോഗം ചേർന്നത്.

### ഒഡീഷയിൽ നിന്ന് 240 രക്ഷാവിദഗ്ധർ



പ്രളയമേഖലകളിലെ രക്ഷാപ്രവർത്തനത്തിൽ വിദഗ്ധരായ 240 അംഗ ഒഡീഷ ഡിസാസ്റ്റർ റാപ്പിഡ് ആക്ഷൻ ഫോഴ്സിനെ ഒഡീഷ സർക്കാർ കേരളത്തിലേക്ക് അയച്ചു. കേരളം ആവശ്യപ്പെടാതെയാണ് ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക് സഹായഹസ്തം നീട്ടിയത്. ദുരന്തനിവാരണത്തിനായി അഞ്ചു കോടി ഒഡീഷ സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. എന്തു സഹായത്തിനും സന്നദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയനെ നവീൻ പട്നായിക് ഫോണിൽ അറിയിച്ചു.